# പരിസ്ഥിതി സംരക്ഷണം അമേരിക്കകച്ചവടമാക്കുന്നു

*അഡ്വ. ആർ. സജു.*

ഒരു രാജ്യത്തെ അയൽ രാജ്യമായി ശത്രുത ഉണ്ടാക്കുക. ആ ശത്രുത വർദ്ധിപ്പിച്ച് യുദ്ധത്തിന്റെ വക്കിൽ കൊണ്ട് ചെന്ന് എത്തിക്കുക. പിന്നെ തങ്ങളുടെ വിലയേറിയ യുദ്ധോപകരണങ്ങൾ വാങ്ങാൻ ആ രാജ്യങ്ങളെ നിർബന്ധിതരാക്കുക-ഇതു വികസിത രാജ്യങ്ങളുടെ ഒരു തന്ത്രമാണ് യുദ്ധക്കോപ്പ് കച്ചവടമാണ് അമേരിക്ക ഉൾപ്പെടെയുള്ള പല വികസിത രാജ്യങ്ങളുടേയും പ്രധാന വരുമാന മാർഗ്ഗം. സ്ഥിതി ഇപ്പോൾ മാറി. യുദ്ധോപകരണങ്ങളെ പോലെ ലാഭകരമായി കച്ചവടം നടത്താൻ കഴിയുന്നതാണ് പരിസ്ഥിതി സംരക്ഷണ ഉപകരണങ്ങൾ.

യുദ്ധോപകരണങ്ങൾ വിൽക്കാൻ രാജ്യങ്ങൾ തമ്മിൽ പരസ്പരം ശത്രുത വളർത്തുക എന്ന തന്ത്രമാണ് ഉപയോഗിച്ചിരുന്നത് എന്നാൽ പരിസ്ഥിതി കച്ചവടം ശക്തമാക്കാൻ ജനങ്ങളിൽ പരിസ്ഥിതി സംരക്ഷണബോധം വളർത്തുക എന്ന തന്ത്രമാണ് വികസിത രാജ്യങ്ങൾ ഇപ്പോൾ സ്വീകരിച്ചുവരുന്നത്. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് കോടിക്കണക്കിന് ഡോളർ വികസിത രാജ്യങ്ങളിലെ വിവിധ ഏജൻസികൾ മുഖേന മൂന്നാം ലോകരാജ്യങ്ങളിൽ എത്തിക്കുന്നുണ്ട്. പരിസ്ഥിതി പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾ മുഖേനയാണ് പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നത്. കാലാവസ്ഥാമാറ്റം, ഓസോൺ പാളികളിൽ ഉണ്ടാകുന്ന ക്ഷതം, താപ വർദ്ധനവ് തുടങ്ങിയ പരിസ്ഥിതി പ്രത്യാഘാതങ്ങൾക്ക് കാരണം വ്യവസായ ശാലകളിൽ നിന്നും പുറം തള്ളുന്ന ഗ്രീൻ ഹൗസ് വാതകങ്ങളാണ്. വ്യവസായശാലക്ക് ചുറ്റുമുള്ള ജനങ്ങളുടെ ആരോഗ്യം കാർന്ന് തിന്നുന്നത് അവിടെ നിന്നും പുറന്തള്ളുന്ന ഖര-ദ്രവ മാലിന്യങ്ങളും ആണ്. ഇതാണ് ഇപ്പോൾ ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നമായി ഉയർത്തി പിടിക്കുന്നത്. വന നശീകരണമോ, ശുദ്ധ ജല ദൗർലഭ്യമോ, വാഹനങ്ങളിൽ നിന്നുമുണ്ടാകുന്ന മലിനീകരണമോ, റഫ്രിജറേറ്ററുകളിൽ നിന്നും എയർകണ്ടീഷണറിൽ നിന്നും പുറം തള്ളുന്ന ക്ലോറോഫ്ലൂറോ കാർബണോ ഒന്നും പരിസ്ഥിതി പ്രശ്നങ്ങളായി കണക്കാക്കാൻ വികസിത രാജ്യങ്ങളിൽനിന്നുമുള്ള പരിസ്ഥിതി സംരക്ഷണ ഏജൻസികൾ തയ്യാറല്ല. വ്യവസായശാലകളിൽ നിന്നുള്ള ഖര, ദ്രവ, വാതക മാലിന്യങ്ങൾ ശുദ്ധീകരിക്കപ്പെടുന്നതിലൂടെ പരിസ്ഥിതി പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും, അതിനുള്ള സാങ്കേതിക വിദ്യക്ക് വികസിത രാജ്യങ്ങളെ ആശ്രയിക്കുക- ഇതാണ് വികസിത രാജ്യങ്ങൾ ഇപ്പോൾ പ്രചരിപ്പി ക്കുന്ന പരിസ്ഥിതി ദർശനം

ഇന്ത്യയിൽ പരിസ്ഥിതി കച്ചവടത്തിന്റെ അനന്ത സാദ്ധ്യതകൾ ആദ്യം മനസ്സിലാക്കിയത് അമേരിക്കയാണ്. 1972 ലെ സ്റ്റോക്ക്ഹോം സമ്മേളനത്തിനുശേഷം യു.എസ് ഇ.പി.എ(യുണൈറ്റഡ് സ്റ്റേറ്റ് ഇൻവയോൺമെന്റ് പ്രൊട്ടക്ഷൻ ഏജൻസി) ഇതുസംബന്ധിച്ച് പല പഠനങ്ങൾ ഇന്ത്യയിൽ നടത്തിയിരുന്നു. 1995 ഏപ്രിലിൽ ഒപ്പുവെച്ച ഇൻഡോ-അമേരിക്കൻ പൊതു അജണ്ടയിലുള്ള മൂന്നു ഗ്രൂപ്പിൽ ആദ്യത്തേത് പരിസ്ഥിതി തന്നെയായിരുന്നു.അതിലൂടെ ലക്ഷ്യമിട്ടിരുന്നത് അമേരിക്കയിലെ പരിസ്ഥിതി സംരക്ഷണ സാങ്കേതിക വിദ്യ ഇന്ത്യയിൽ എത്തിക്കുകയായിരുന്നു. 1996-ൽ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി വാറൺ ക്രിസ്റ്റഫറിന്റെ പ്രത്യേക താൽപ്പര്യപ്രകാരം യു.എസ്.എ ഐഡി, കോൺഫെഡറേഷൻ ഇന്ത്യൻ ഇൻഡസ്ട്രിയുടെ (സിഐഐ) സഹായത്തോടെ ഇന്ത്യയിലെ പരിസ്ഥിതി കച്ചവടത്തിന്റെ അനന്ത സാധ്യതകളെ കുറിച്ച് പഠനം നടത്തിയിരുന്നു. പഠനത്തിൽ രണ്ട് ദശകോടി ഡോളറിന്റെ പരിസ്ഥിതി സംരക്ഷണ ഹാർഡ്വെയർ ഇന്ത്യക്ക് ആവശ്യമുണ്ട് എന്ന് കണക്കാക്കിയിരുന്നു. ഇപ്പോൾ അമേരിക്കയിലെ ഫോറിൻ ആന്റ് കോമേഴ്സ്യൽ ഡിവിഷൻ കണക്കാക്കിയിരിക്കുന്നത് മൂന്ന് ദശകോടി ഡോളറും വർഷം തോറും 10-15 ശതമാനം വളർച്ചാ നിരക്കുമാണ്.

ക്ലിന്റന്റെ സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് അമേരിക്കൻ പരിസ്ഥിതി ഉപകരണങ്ങൾക്ക് ഇന്ത്യയിൽ മാർക്കറ്റ് ഉണ്ടാക്കുക എന്നതാണ്. ക്ലിന്റന്റെ സന്ദർശനത്തിനുതൊട്ടുമുമ്പ് വൈറ്റ്ഹൗസിലെ പരിസ്ഥിതി ഉപദേശകൻ കാതറിൻ മാക്ഗിൻറിയും അമേരിക്കയിലെ ഊർജ സെക്രട്ടറി ബിൽ റിച്ചാർഡും ഇന്ത്യയിൽ എത്തിയിരുന്നു. ആഗ്രയിൽ യു.എസ് എംബസിയുടെയും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെയും സംയുക്താഭിമുഖ്യത്തിൽ ക്ലിന്റന്റെ ഒരു ഗ്രീൻ ലക്ചറും സംഘടിപ്പിച്ചിരുന്നു.ക്ലിന്റനെ സാക്ഷിയാക്കി യു.എസ് സ്റ്റേറ്റ് സെക്രട്ടറിയും കേന്ദ്രമന്ത്രി യശ്വന്ത്സിംഗും ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഊർജ പരിസ്ഥിതി കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. ഊർജ മേഖലയിൽ ഗൗരവമായി പഠനം നടത്തുന്ന റ്റാറ്റാ എനർജി റിസർച്ച് ഇൻസ്റ്റിട്യൂട്ട് (ടി.ഇ.ആർ ഐ) ഈ കരാർകൊണ്ട് അമേരിക്കക്ക് മാത്രമേ ഗുണമുണ്ടാകൂ എന്ന് വ്യക്തമാക്കികഴിഞ്ഞു.

ക്ലിന്റന്റെ സന്ദർശനത്തോടെ ശക്തിപ്പെട്ട പരിസ്ഥിതി കച്ചവടത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ യു.എസ്.ഇ.എ (അമേരിക്കൻ എനർജി അസോസിയേഷൻ)യുടെയും, സിഐഐ യുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഹൈദ്രാബാദിൽ ഒരു ഗ്രീൻ ബിസിനസ്സ് സെന്റർ ഉടൻ പ്രവർത്തനം ആരംഭിക്കും. കൂടാതെ അമേരിക്കൻ വാണിജ്യ മന്ത്രാലയം ഒരു ക്ലീൻ എനർജി ട്രേഡ് മിഷൻ തുടങ്ങും. ഇന്ത്യയെപ്പോലുള്ള മൂന്നാം ലോക രാജ്യങ്ങളാണ് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് എന്ന ധാരണ ഉണ്ടാക്കാൻ അമേരിക്ക ശ്രമിക്കുന്നുണ്ട്. കാർബൺ ഡൈ ഓക്സൈഡും മറ്റ് ഗ്രീൻ ഹൗസ് വാതകങ്ങളും ഏറ്റവും കൂടുതൽ പുറത്തുവിടുന്നത് അമേരിക്കയാണ്. വികസിത രാജ്യങ്ങളിലെ ഊർജ ദുരുപയോഗവും അമിത ഉപഭോഗസംസ്കാരവുമാണ് പരിസ്ഥിതി മലിനീകരണത്തിന്റെ പിന്നിലുള്ളത്. ലോക ജനസംഖ്യയുടെ 16 ശതമാനം വസിക്കുന്ന ഇന്ത്യ ലോകത്തിലെ ആകെ ഊർജ ഉപയോഗത്തിന്റെ മൂന്നു ശതമാനം മാത്രമാണ് ഉപയോഗിക്കുന്നത്. ലോകത്തിൽ ആകെ നിർമ്മിക്കുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ മൂന്നുശതമാനം മാത്രമാണ് ഇന്ത്യയിൽ നിർമ്മിക്കുന്നത്.

ലോക ജനസംഖ്യയുടെ 5 ശതമാനം മാത്രം വസിക്കുന്ന അമേരിക്കയുടെ ഊർജ ഉപയോഗം 25 ശതമാനവും കാർബൺ നിർഗമനം 22 ശതമാനവുമാണ്.ഈ വസ്തുതകൾ മറച്ചുവെച്ച് പരിസ്ഥിതി ദുരന്തങ്ങൾക്ക് കാരണക്കാർ മൂന്നാം ലോക രാജ്യങ്ങളാണ് എന്ന് വരുത്തിതീർത്ത് അവിടേക്ക് പരിസ്ഥിതി സംരക്ഷണ ഉത്പന്നങ്ങൾ അടിച്ചേൽപ്പിച്ച് പുത്തൻ പരിസ്ഥിതി കൊളോണിയലിസം സൃഷ്ടിക്കുകയാണ് അമേരിക്ക. പരിസ്ഥിതിക്കും പരിസരത്തിനും ആഘാതം ഏൽപ്പിക്കുന്ന വ്യവസായ ശാലകൾ പൂർണ്ണമായും ഉപേക്ഷിക്കുകയാണ് വേണ്ടത്. അപകടകാരിയായ മാലിന്യങ്ങളെ പൂർണ്ണമായും ശുദ്ധീകരിക്കാൻ ആവില്ല.